# സാമ്പത്തിക വിശുദ്ധി കാത്തുസൂക്ഷിക്കുക

സി.എം റഫീഖ് കോക്കൂർ

عَنْ خَوْلَة بِنْت ثَامِر الأَنْصَارِية أَنْهَا قَالَتْ سَمِعْتُ رَسولَ الله ﷺ يَقُولُ إنّ رِجَالا يَتَخَوّضُون فِي مَال الله بِغْيرِ حَقٍ فَلَهم النَّارُ يَوْمَ القِيَامة

**ഖൗലത്തി(റ)ൽനിന്ന് നിവേദനം: "റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹുവിന്റെ ധനത്തിൽ ചിലർ അന്യായമായി കൈകടത്തും. അന്ത്യദിനത്തിൽ അവർക്ക് നരകമത്രെ" (ബുഖാരി).**

**സാമ്പത്തിക** രംഗത്ത് വിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണീ പ്രവാചക വചനം വിരൽചൂണ്ടുന്നത്. ധനമുൾപ്പെടെ മനുഷ്യൻ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതെന്തും അല്ലാഹുവിന്റേതാണ്. ഒരു നിശ്ചിത അവധി വരെ, നിർണിതമായ നിബന്ധനകളോടെ, പ്രാതിനിധ്യ സ്വഭാവത്തിൽ കൈകാര്യം നടത്താനുള്ള സ്വാതന്ത്ര്യം മാത്രമാണ് അവന് നൽകപ്പെട്ടിട്ടുള്ളത്. അല്ലാഹു ചുമത്തിയ നിബന്ധനകളെ തൃണവൽഗണിച്ചുകൊണ്ട് സ്വാതന്ത്ര്യത്തെ ആരെങ്കിലും ദുരുപയോഗപ്പെടുത്തിയാൽ കനത്ത ശിക്ഷയെ നേരിടേണ്ടിവരുമെന്ന താക്കീതാണീ ഹദീസ് നൽകുന്നത്.

ധനത്തിലുള്ള അന്യായമായ കൈകടത്തൽ പല വിധത്തിലുമുണ്ട്. അതിലൊന്നാണ് കള്ളസത്യം ചെയ്തുകൊണ്ട് അപരന്റേത് തന്റേതാക്കി മാറ്റുകയെന്നത്. ഇത് സംബന്ധമായുള്ള ഒരു ഹദീസ് ഇങ്ങനെ: ''ഇയാസുബ്നു സഅ്ലബത്തിൽ നിന്ന്. റസൂൽ(സ) പറഞ്ഞു: 'മുസ്‌ലിമിന്റെ ധനം കള്ളസത്യം വഴി അപഹരിച്ചെടുക്കുന്നവന് അല്ലാഹു നരകം അനിവാര്യവും സ്വർഗം നിഷിദ്ധവുമാക്കിയിരിക്കുന്നു.' 'തീരെ നിസ്സാരമായ വല്ലതുമാണെങ്കിലോ പ്രവാചകരേ?' ഒരാൾ ചോദിച്ചു. ഉക്കമരത്തിന്റെ ഒരു കൊമ്പായിരുന്നാലും മതിയെന്ന് പ്രവാചകൻ പറഞ്ഞു."

അന്യായമായി അപഹരിച്ചെടുക്കുന്നത് വലിയ അളവിൽ ഉണ്ടാകണമെന്നൊന്നുമില്ല. മരത്തിന്റെ കൊമ്പ് പോലെ നിസ്സാരമായ വസ്തുക്കളായിരുന്നാലും ശിക്ഷയുടെ അളവിൽ കുറവുണ്ടാവില്ലെന്നാണ് റസൂൽ(സ) പഠിപ്പിക്കുന്നത്.

സാമ്പത്തിക രംഗത്ത് വിശുദ്ധി കാത്തുസൂക്ഷിക്കാത്തവർക്ക് ജീവിതത്തിന്റെ മറ്റു മേഖലകളിൽ ചെയ്തിട്ടുള്ള മഹദ് കർമങ്ങൾ കൊണ്ട് പോലും വിചാരണാ നാളിൽ രക്ഷപ്പെടാൻ സാധ്യമാകുകയില്ല. ഉമറി(റ)ൽനിന്നുള്ള ഒരു റിപ്പോർട്ടിൽ, അദ്ദേഹം പറയുന്നു: ഖൈബർ യുദ്ധത്തിൽ നബി(സ)യുടെ ചില സ്വഹാബികൾ വന്ന് ഇന്നവനും ഇന്നവനും രക്തസാക്ഷിയായി എന്ന് പറഞ്ഞു. അതിനിടയിൽ ഇന്നയാൾ രക്തസാക്ഷിയായി എന്ന് പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു: അങ്ങനെയല്ല. ഒരു പുതപ്പോ കരിമ്പടമോ വഞ്ചിച്ചെടുത്ത കാരണത്താൽ ഞാൻ അവനെ നരകത്തിൽ കണ്ടിരിക്കുന്നു (മുസ്‌ലിം).

നോക്കുക, അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വരിച്ചിട്ട് പോലും സാമ്പത്തിക രംഗത്ത് വിശുദ്ധി കാത്തുസൂക്ഷിക്കാനാകാത്തതിന്റെ പേരിൽ പര്യവസാനം എന്തു മാത്രം ദുരന്തപൂർണമായിത്തീരുന്നുവെന്ന്.

മറ്റൊരു സന്ദർഭത്തിൽ റസൂൽ(സ) പറഞ്ഞു: ഞാനൊരു മനുഷ്യനാണ്. നിങ്ങളെന്നോട് അന്യായം ബോധിപ്പിക്കാറുണ്ട്. നിങ്ങളിൽ ചിലർ തെളിവുകളുദ്ധരിക്കുന്നതിൽ മറ്റു ചിലരേക്കാൾ സമർഥരായിരിക്കും. ഞാൻ കേൾക്കുന്നതിനനുസരിച്ച് വിധിക്കും. അതിനാൽ ആർക്കെങ്കിലും തന്റെ സഹോദരന്റെ അവകാശം ഞാൻ വീതിച്ചു തന്നാൽ നരകത്തിൽ നിന്നൊരു ഭാഗമായിരിക്കും ഞാനവന് വീതിച്ചു നൽകുന്നത് (ബുഖാരി, മുസ്‌ലിം).

സാമ്പത്തിക വിശുദ്ധി സൂക്ഷിക്കാതെ ഈ ദുനിയാവിൽ ധനം സമ്പാദിച്ചുകൂട്ടുന്നവരുണ്ട്. പാരത്രിക ലോകത്ത് നരകമാണവരെ കാത്തിരിക്കുന്നത്. ●